LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂർ സബ് സ്റ്റേഷൻ

54(2092) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ 33 കെ. വി. സബ് സ്റ്റേഷൻ 66 കെ. വി. സബ് സ്റ്റേഷനായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന

55(2093) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുക, ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ചീഫ് സെക്രട്ടറി ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിച്ച് പുരോഗതി അവലോകനം ചെയ്യ് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി രൂപീകരിച്ച ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ പദ്ധതി പുരോഗതികൾ അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാതല കമ്മിറ്റിയിൽ എം.എൽ.എ., എം.പി., പഞ്ചായത്ത് മെമ്പർമാർ എന്നിവർ അംഗങ്ങളാണ്. കേരളത്തിലെ 14 ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുകവഴി 125000-ത്തോളം ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിച്ചു. ഇതിൽ 112860 വീടുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടേതാണ്.